# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1724 14.08.2017- ൽ മറുപടിയ്ക്ക്

### പ്രവാസികളുടെ ക്ഷേമം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. സ്വരാജ് | ശ്രീ. പിണറായി വിജയൻ<br>*(മുഖ്യമന്ത്രി)* |
| എ) എന്തെല്ലാം പദ്ധതികളാണ് പ്രവാസികളുടെ ക്ഷേമത്തിനായി നടപ്പിലാക്കിവരുന്നത് എന്ന് അറിയിക്കുമോ ; | എ) പ്രവാസികളുടെ ക്ഷേമത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നോർക്ക-റൂട്ട്സ് വഴി നടപ്പാക്കി വരുന്നു.<br>• പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം<br>• വ്യാജ റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണം.<br>• തൊഴിൽ വൈദഗ്ധ്യ പരിശീലനം<br>• മാർക്കറ്റ് ഇന്റലിജൻസ് റിക്രൂട്ട്മെന്റ് മുമ്പും, പിമ്പും നല്കുന്ന സേവനങ്ങൾ, തൊഴിൽ വൈദഗ്ധ്യ പരിശീലനം<br>• ലോക കേരള സഭ<br>• ആഗോള സാംസ്കാരികോത്സവം പദ്ധതി<br>• തിരിച്ചുവന്ന പ്രവാസികളുടെ പുനരധിവാസ പദ്ധതി<br>• നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ (എൻ. ബി.എഫ്.സി)<br>• സ്വപ്ന സാഫല്യം<br>• കാൾ സെന്റർ<br>• സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ<br>• ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനവും ഡാറ്റാബേയ്സ് രൂപീകരണവും |

- എൻ.ആർ.കെ. ഐ.ഡി കാർഡ്/പ്രവാസി ഐഡി കാർഡ് (വിദേശത്തുള്ള പ്രവാസികൾക്ക്)
- എൻ.ആർ.കെ. ഇൻഷ്വറൻസ് കാർഡ്
- നോർക്ക റിക്രൂട്ട്മെന്റ്
- സാന്ത്വന പദ്ധതി
- കാരുണ്യം
- ചെയർമാൻ ഫണ്ട്

പ്രവാസികളുടെ ക്ഷേമത്തിനായി കേരള പ്രവാസി കേരളീയ ക്ഷേമബോർഡ് നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.

- പെൻഷൻ
- കുടുംബ പെൻഷൻ
- അവശതാ പെൻഷൻ
- മരണമടയുന്ന അംഗങ്ങളുടെ ആശ്രിതർക്ക് ധനസഹായം
- ചികിത്സാ സഹായം
- വിവാഹധനസഹായം
- പ്രസവാനുകൂല്യം
- വിദ്യാഭ്യാസ ആനുകൂല്യം

ബി) പ്രവാസികളുടെ സഹായത്തിനായി നോർക്ക റൂട്ട്സിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ ;

ബി) ഉണ്ട്.

സി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ ?

സി) വിശദാംശങ്ങൾ

- <u>സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ</u>

  1. നോർക്ക-റൂട്ട്സ് വിദേശ റിക്രൂട്ട്മെന്റ് നടത്തി വരുന്നതിനാൽ സൗദി എംബസിയുടെ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ, വിസ സ്റ്റാമ്പിംഗ് എന്നിവ അടിയന്തിരമായി ലഭിക്കേണ്ടതുണ്ട്. ഇതിനുള്ള അംഗീകാരം സൗദി എംബസ്സിയിൽ നിന്നും നേടുന്നതിന് വിദേശകാര്യ മന്ത്രാലയവും സൗദി

എംബസ്സിയുമായി നിരന്തരം ബന്ധപ്പെട്ടു വരുന്നു.

- <u>ജോബ് പോർട്ടൽ കാര്യക്ഷമത മെച്ചപ്പെടുത്തുന്നത്</u>

ജോബ് പോർട്ടൽ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

- <u>പ്രവാസി ഇൻഷ്വറൻസ്</u>

പ്രവാസികൾക്കായി ഒരു ഹെൽത്ത് ഇൻഷ്വറൻസ് പദ്ധതി നടപ്പിൽ വരുത്തുന്ന കാര്യം സജീവമായി പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ